**ദനഹാക്കാലം ഒന്നാം ഞായർ**

**ലൂക്കാ 4:16-22**

## നിയോഗം തിരിച്ചറിയുക

**റവ.ഡോ. ജോസ് ഓലിയപ്പുറം**

ഈ സുവിശേഷഭാഗത്തിനു മുമ്പുള്ള 4:14-15 വാക്യങ്ങൾ സംക്ഷിപ്ത വിവരണമാണ്. ജ്ഞാനസ്നാനത്തിനും പ്രലോഭന വിവരണത്തിനും ശേഷം ഗലീലിയിൽ അവിടത്തെ ദൗത്യം ആരംഭിക്കേണ്ടിയിരിക്കുന്നു എന്ന ചിന്തയായിരിക്കണം യേശു യോർദ്ദാൻ പ്രദേശത്തുനിന്നും ഗലീലിയിലേക്കു മടങ്ങിപ്പോയി എന്ന ആലേഖനം ചെയ്യാൻ ഗ്രന്ഥകർത്താവിനെ പ്രേരിപ്പിച്ചത്. യേശുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നല്കുന്നതിനു മുമ്പുതന്നെ അവന്റെ കീർത്തി എല്ലായിടത്തും വ്യാപിച്ചു... അവൻ സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരുന്നു... എല്ലാവരും അവനെ പുകഴ്ത്തി... എന്നു പറയുന്നുണ്ട്. യേശുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പൊതുവിലയിരുത്തലാണ് ഇത്. യേശു ഗുരുവാണ്-റബ്ബി. അവൻ മോശയുടെ നിയമങ്ങളും പ്രവാചകഗ്രന്ഥങ്ങളും ജനങ്ങളെ പ്രബോധിപ്പിക്കുകയും അവരെ ഓർമ്മപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.

ലൂക്കാ 4:14-15 ന്റെ വിശദമായ വിവരണമാണ് 4:16-30. യേശു പതിവു പോലെ സിനഗോഗിൽ പോയി... വായിക്കാൻ ഏശയ്യായുടെ പുസ്തകം നല്കപ്പെടുന്നു... വായിക്കുന്നു... അവന്റെ വിശദീകരണവും കർതൃപ്രയോഗവും സംശയത്തിലേക്കു നയിക്കുന്നു. ഇന്നത്തെ തിരുവചനഭാഗത്ത് ഇത്തരത്തിലുള്ള സംശയത്തിന്റെ പ്രശ്നം നിലനില്ക്കുന്നുണ്ടെങ്കിലും 22-ാം വാക്യത്തിന്റെ ആദ്യഭാഗം (എല്ലാവരും അവനെപ്പറ്റി പ്രശംസിച്ചു പറയുകയും അവന്റെ വായിൽ നിന്നു പുറപ്പെട്ട കൃപാവചസ്സുകേട്ട് അദ്ഭുതപ്പെടുകയും ചെയ്തു) ഇതിൽ നിന്നും വേറിട്ടു നില്ക്കുന്നു. രണ്ടു സമയങ്ങളിൽ നടന്ന കാര്യങ്ങൾ ഒരുമിച്ചു വന്നതാണോ എന്ന് സംശയിക്കുന്ന വ്യാഖ്യാതാക്കളുമുണ്ട്. എന്നാൽ മറ്റു രണ്ടു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നതുമായി ബന്ധിപ്പിക്കുമ്പോൾ കാണാൻ കഴിയുന്നത് ലൂക്കാ ഇത് യേശുവിന്റെ പരസ്യജീവിതാരംഭത്തിലെ സംഭവമായി അവതരിപ്പിക്കാൻ ശ്രമിച്ചു. അങ്ങനെ എല്ലാവരും അവനെപ്പറ്റി പ്രശംസിച്ചു പറയുകയും അവന്റെ നാവിൽ നിന്നു പുറപ്പെട്ട കൃപാവചസ്സുകേട്ട് അദ്ഭുതപ്പെടുകയും ചെയ്തു എന്നതും ഇവൻ ജോസഫിന്റെ മകനല്ലേ എന്നു തുടങ്ങുന്ന വചനങ്ങളും വീണ്ടും രേഖപ്പെടുത്തുകയും ചെയ്തു. മത്തായി, മർക്കോസ് എന്നിവരാകട്ടെ ഇക്കാര്യം പറയുമ്പോൾ തീർത്തും നിഷേധാത്മക മനോഭാവം പുലർത്തുന്ന ആളുകളെയാണ് മുന്നിൽ കാണുന്നത്.

ഏശയ്യ 61:1-2; 58:6 എന്നീ വാക്യങ്ങളിലെ ആശയങ്ങൾ സ്വീകരിച്ച് ലൂക്കാ യേശുവിന്റെ ദൗത്യം വിശദമാക്കുന്നു. ഏശയ്യായുടെ വാക്കുകൾ വായിച്ചു എന്നു പറയുമ്പോഴും ലൂക്കായുടെ സുവിശേഷത്തിൽ അത് ചേർത്തിരിക്കുന്നത് ചില വ്യതിയാനങ്ങളോടെയാണ്. ...ദരിദ്രരെ സുവിശേഷം അറിയിക്കാൻ... എന്നു തുടങ്ങുന്നുവെങ്കിലും ഏശയ്യ പറയുന്ന എല്ലാ കാര്യങ്ങളും പറയുന്നുമില്ല. എന്നാൽ ദരിദ്രരെ പ്രത്യേകം എടുത്തു കാണിക്കാനും, വിമോചനത്തിന്റെ ആഴമായ അർത്ഥം ലഭ്യമാക്കാനും കഴിയുന്ന തരത്തിലാണ് (യേശു വിമോചകൻ, യേശു രക്ഷകൻ) പഴയ നിയമ വചനഭാഗത്തെ ലൂക്കാ ഉപയോഗപ്പെടുത്തുന്നത്.

യേശു ഇരുന്നു. അപ്പോൾ ജനങ്ങൾ അവനെ ഉറ്റുനോക്കിക്കൊണ്ടിരുന്നു എന്ന വിവരണം പ്രതീക്ഷയുടെ ചിന്ത ഉണർത്തുന്നതാണ്. ഇരുന്നു എന്നത് റബ്ബി എന്ന സ്ഥാനവും ആധികാരികതയും സൂചിപ്പിക്കുന്നു. യേശു ആരംഭിക്കുന്ന ശൈലിയും ശ്രദ്ധേയമാണ് (നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്ന് ഈ തിരുവെഴുത്തു നിറവേറിയിരിക്കുന്നു). തുടർന്നുള്ള വചനങ്ങൾ അല്പം നാടകീയമാണ് (അവന്റെ നാവിൽ നിന്നു പുറപ്പെട്ട കൃപാവചസ്സുകൾ കേട്ട് അദ്ഭുതപ്പെടുകുയം ചെയ്തു). അവൻ പറഞ്ഞ കൃപാവചസ്സുകൾ എന്താണെന്ന് രേഖപ്പെടുത്തിയിട്ടില്ല. വായനയ്ക്കുശേഷം അവൻ പറഞ്ഞത് തിരുവെഴുത്തു നിറവേറിയിരിക്കുന്നു എന്നാണ്. ഏശയ്യ പറയുന്ന എന്റെ എന്ന പ്രഥമ പുരുഷ വചനം യേശു തനിക്കുതന്നെ ഉപയോഗിക്കുന്നു. ഇന്ന് എന്ന പ്രയോഗം ലൂക്കായുടെ സുവിശേഷത്തിൽ രക്ഷയുടെ പ്രകടമായ അടയാളത്തെ സൂചിപ്പിക്കുന്നു.

ലൂക്കാ 4:16–22 വരെ വിചിന്തനത്തിനായി എടുത്താൽ പഴയ നിയമ പ്രവചനങ്ങളുടെ പൂർത്തീകരണമായി യേശുവിലൂടെ കടന്നുവരുന്ന രക്ഷയുടെ അനുഭവത്തെയാണ് കാണാൻ കഴിയുക. യേശു സ്വന്തം നാട്ടിൽത്തന്നെ തന്നെ വെളിപ്പെടുത്തുന്നു. കാലദേശ സാഹചര്യാധിഷ്ഠിതമായിട്ടുള്ള ഒരു വിചിന്തനമായോ വിവരണമായോ ഇതിനെ കാണാം. രക്ഷകനെയും രക്ഷയെയും പ്രതീക്ഷിച്ചിരുന്ന ഒരു സമൂഹം അവനിൽ പ്രതീക്ഷ കണ്ടെത്തുന്നു. ദാവീദിനെപ്പോലെ രാജാവായി കടന്നുവന്ന് രാജ്യത്തിന്റെ വിമോചനം സാധ്യമാക്കാനല്ല താൻ വന്നതെന്നും പ്രവാചകൻ പറഞ്ഞ വിമോചനം – തിന്മയുടെ, അന്ധകാരത്തിന്റെ ശക്തികളുടെ, മനുഷ്യബന്ധനങ്ങളുടെ വിമോചനമാണ് താൻ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നതെന്നും പിതാവായ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ അവിടുത്തെ വത്സരം സമാധാനത്തിന്റെ, സ്നേഹത്തിന്റെ, ദൈവമനുഷ്യബന്ധനങ്ങളുടെ കാലം പ്രഖ്യാപിക്കാനാണ് താൻ വന്നിരിക്കുന്നതെന്നും അവൻ വെളിപ്പെടുത്തുന്നു. ഈ തിരുവചനഭാഗം താഴെ പറയുന്ന കാര്യങ്ങൾ നമ്മുടെ ചിന്തയ്ക്കു വിഷയമാക്കാവുന്നതാണ്.

– സിനഗോഗിൽ രക്ഷക പ്രതീക്ഷയോടെ യേശുവിനെ ഉറ്റുനോക്കിയിരുന്ന ജനങ്ങൾക്കാണ് അവനെ മനസ്സിലാക്കാൻ കഴിഞ്ഞത്.

– യേശു രക്ഷകനാണ് – ഭൗതികതയുടെ സുരക്ഷയല്ല അവൻ തരുന്ന രക്ഷ, അത് ആത്മീയതയുടെ വളർച്ചയും ഭൗതികതയിൽ നിന്നുള്ള വിമോചനവുമാണ്.

– നന്മയെ ആശ്ലേഷിക്കാനും തിന്മയുടെ ചിന്തകളെ മനസ്സിൽ നിന്ന് നീക്കി കളയാനും കഴിയുമ്പോൾ ജീവിത യാഥാർത്ഥ്യങ്ങളെ ദൈവപരിപാലനയുടെ ഭാഗമായി കാണാൻ കഴിയും.